## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമങ്ങാട് നഗരസഭയിൽ എൽ.എൽ.ആർ സ്കീമിൽ ടോയ് ലെറ്റ് നിർമ്മാണത്തിന് ലോണെടുത്ത വകയിൽ നെടുമങ്ങാട് നഗരസഭയിൽപ്പെട്ട കരിപ്പൂർ വില്ലേജിലെ റി സർവ്വേ നം. 640/20-ൽ പെട്ട വസ്തുവിന്റെയും അതിലുള്ള കെട്ടിടത്തിന്റെയും (NMC -IX/215) പേരിലുള്ള ബാദ്ധ്യത ഒഴിവാക്കി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീ. സച്ചിദാനന്ദന് മാറ്റി നൽകുന്നതിന് നഗരസഭയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.3699/2017/തസ്വഭവ തിരുവനന്തപുരം, തീയതി 16.11.2017

---

പരാമർശം:- 1) 19.10.2016 തീയതിയായി ശ്രീ സച്ചിദാനന്ദൻ സമർപ്പിച്ച അപേക്ഷ
2) നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 26.09.2017 ലെ R1/12544/16 നമ്പർ കത്ത്

### ഉത്തരവ്

നെടുമങ്ങാട് നഗരസഭയിൽപ്പെട്ട കരിപ്പൂർ വില്ലേജിലെ റി സർവ്വേ നം. 640/20-ൽ പെട്ട ആറ് സെന്റ് വസ്തുവും അതിലുള്ള കെട്ടിടവും (NMC -IX/215), 1161/16ാം നമ്പർ വിലയാധാര പ്രകാരം ശ്രീ. കെ.ജി.ശ്രീകണ്ഠൻ നായർ, ശ്രീമതി ശോഭനകുമാരി എന്നിവരിൽ നിന്നും ശ്രീ. സച്ചിദാനന്ദൻ നായർക്ക് സിദ്ധിച്ചിട്ടുള്ളതും ടിയാന്റെ പേർക്ക് പോക്ക് വരവ് ചെയ്ത് കരം തീർത്ത് കൈവശം വച്ച് അനുഭവിച്ച വരുന്നതുമാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി ലഭിക്കുന്നതിനായി 14/6/2016 -ൽ ശ്രീ. സച്ചിദാനന്ദൻ നായർ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ ടി കെട്ടിടത്തിന്റെ മുൻ ഉടമകൾ 1993 ജൂണിൽ എൽ എൽ ആർ സ് കീമിൽ ടോയ് ലെറ്റ് നിർമ്മാണത്തിന് ലോൺ എടുത്ത വകയിൽ പലിശ സഹിതം 13,369/-രൂപ കുടിശികയുള്ളതിനാൽ നഗരസഭ ഉടമസ്ഥാവകാശം മാറ്റി നൽകിയില്ല. ശാരീരിക വൈകല്യമുള്ള ആളും ഇത്രയും പണം സ്വരൂപിച്ച് അടയ്ക്കാനുള്ള ശേഷി ഇല്ലാത്തയാളുമായതിനാൽ പ്രസ്തുത ലോൺ ഒഴിവാക്കി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നഗരസഭക്ക് നിദ്ദേശം നൽകണമെന്ന് പരാമർശം 1 പ്രകാരം ശ്രീ. സച്ചിദാനന്ദൻ നായർ അപേക്ഷിച്ചിരുന്നു

2. എൽ.എൽ.ആർ സ്കീമിൽ ഉൾപ്പടെ വിവിധ സ്കീമുകളിൽ നഗരസഭയിൽ നിന്നും വായ്പ എടുക്കുകയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തുകയും ചെയ്ത ഗുണ ഭോക്താക്കളുടെ പലിശയും പിഴ പലിശയും ഒഴിവാക്കി നൽകുന്നതിന് കൗൺസിൽ തീരുമാനപ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേക്ക് അപേക്ഷ നല്കിയിരുന്നതായും, ശ്രീ സച്ചിദാനന്ദൻ നായരുടെ കൈവശമുള്ള കെട്ടിടത്തിന്റെ മുൻ ഉടമകളായ ശ്രീ ശ്രീകണ്ഠൻ നായർ, ശ്രീമതി ശോഭന കുമാരി എന്നിവർ മേൽ പറഞ്ഞ സ്കീമിൽ ടോയ് ലറ്റ് നിർമ്മാണത്തിന് എടുത്ത ലോൺ ഇനത്തിൽ പലിശയും പിഴ പലിശയും ഉൾപ്പടെ 13369/- രൂപ കുടിശിക വരുത്തിയിട്ടുള്ളതിനാലാണ് ഉടമസ്ഥാവകാശം മാറ്റി നൽകാത്തത് എന്നും നെടുമങ്ങാട് നഗരസഭാ സെക്രട്ടറി പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുമങ്ങാട് നഗരസഭയിൽപ്പെട്ട കരിപ്പൂർ വില്ലേജിലെ റി സർവ്വേ നം. 640/20-ൽ പെട്ട ആറ് സെന്റ് വസ്തുവും അതിലുള്ള കെട്ടിടവും (NMC -IX/215), 1161/16-ാം നമ്പർ വിലയാധാര പ്രകാരം ശ്രീ. കെ.ജി.ശ്രീകണ്ഠൻ നായർ, ശ്രീമതി ശോഭനകുമാരി എന്നിവരിൽ നിന്നും ശ്രീ സച്ചിദാനന്ദൻ 2016-ൽ വിലകൊടുത്ത് വാങ്ങാതിയാതായതിനാലും, പ്രസ്തുത വസ്തു ടിയാന്റെ പേരിൽ പോക്കുവരവ് ചെയ്ത് നല്കിയിട്ടുള്ളതിനാലും, വസ്തുവിൽ കടബാദ്ധ്യത ഒന്നും ഇല്ലെന്നു വസ്തു വിൽക്കുന്ന വേളയിൽ ശ്രീ. കെ.ജി.ശ്രീകണ്ഠൻ നായർ, ശ്രീമതി ശോഭനകുമാരി എന്നിവർ ആധാരത്തിൽ സമ്മതിച്ചിട്ടുള്ളതിനാലും, നെടുമങ്ങാട് നഗരസഭയിൽ എൽ.എൽ.ആർ സ്കീമിൽ ടോയ് ലെറ്റ് നിർമ്മാണത്തിന് വസ്തുവിന്റെ മുൻ ഉടമകൾ ലോണെടുത്ത വകയിൽ നെടുമങ്ങാട് നഗരസഭയിൽപ്പെട്ട കരിപ്പൂർ വില്ലേജിലെ റി സർവ്വേ നം. 640/20-ൽ പെട്ട വസ്തുവിന്റെയും അതിലുള്ള കെട്ടിടത്തിന്റെയും (NMC -IX/215) പേരിലുള്ള ബാദ്ധ്യത ശ്രീ.സച്ചിദാനന്ദൻറെ പേരിൽ നിന്ന് ഒഴിവാക്കി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ടിയാന്റെ പേരിലേക്ക് മാറ്റി നൽകുന്നതിന് നഗരസഭയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ആധാരവ്യവസ്ഥ പ്രകാരം മേൽ പരാമർശിച്ചിരിക്കുന്ന വസ്തുവിൽ ഏതെങ്കിലും വിധത്തിൽ അർത്ഥ ദോഷമോ നഷ്ടങ്ങൾക്കോ ഇടവന്നാൽ ആ വക സകല നഷ്ടങ്ങൾക്കും ശ്രീ. കെ.ജി.ശ്രീകണ്ഠൻ നായർ, ശ്രീമതി ശോഭനകുമാരി എന്നിവരും അവരുടെ സ്ഥാപരജംഗമ വസ്തുക്കളും ബാദ്ധ്യതപ്പെട്ട് നഷ്ടോത്തരവാദിത്തം ചെയ്ത് കൊള്ളാമെന്ന് സമ്മതിച്ചിട്ടുള്ളതിനാൽ നെടുമങ്ങാട് നഗരസഭയിൽപ്പെട്ട കരിപ്പൂർ വില്ലേജിലെ റി സർവ്വേ നം. 640/20-ൽ പെട്ട വസ്തുവിന്റെയും അതിലുള്ള കെട്ടിടത്തിന്റെയും (NMC -IX/215) പേരിലുള്ള വായ്പാ കുടിശ്ശിക വസ്തുവിന്റെ മുൻ ഉടമകളായ ശ്രീ. കെ.ജി.ശ്രീകണ്ഠൻ നായർ, ശ്രീമതി ശോഭനകുമാരി എന്നിവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി നെടുമങ്ങാട് നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
ശ്രീ എസ്. സച്ചിദാനന്ദൻ നായർ, നന്ദനം, അംഗൻവാടി റോഡ്,കൊടിപ്പുറം,പഴകുറ്റി (പി.ഒ), നെടുമങ്ങാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ)/(എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ